(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ യഥാസമയം മരുന്നു ലഭ്യമല്ലെന്ന പരാതി പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമായ മരുന്നുകൾ പോലും ഗ്രാമപ്രദേശങ്ങളിലെ ഡിസ്പെൻസറികളിൽ എത്താനുള്ള കാലതാമസം ഒഴിവാക്കുന്നതിന് പൈ കമ്മിറ്റി ശുപാർശ ചെയ്തപ്രകാരമുള്ള താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) എല്ലാ രോഗികൾക്കും ചികിത്സക്കാവശ്യമായ എല്ലാ മരുന്നുകളും എപ്പോഴും എല്ലാ ആശുപത്രികളിലും ലഭ്യമാക്കാൻ ബഡ്ജറ്റിൽ അനുവദിക്കുന്ന തുക തികയാറില്ല. അതിനാൽ മുൻഗണനാക്രമത്തിൽ മരുന്നുകളും അത്യാവശ്യ സാധനങ്ങളും വാങ്ങാൻ ലഭ്യമായ പണം വിനിയോഗിക്കുന്നു. ഇതുമൂലം ചില സന്ദർഭങ്ങളിൽ ചില ആശുപത്രികളിൽ ചില രോഗികൾക്ക് ആവശ്യമുള്ള മരുന്നുകൾ ലഭ്യമല്ലായെന്ന പരാതി ഉണ്ടാകാറുണ്ട്. ആയതിനാൽ സർക്കാർ ആശുപത്രികളിൽ മരുന്നുകൾ യഥാസമയം ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്. മരുന്നുകളും മറ്റു സാധനങ്ങളും സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖാന്തിരമാണ് വാങ്ങുന്നത്. അതാത് ജില്ലകളിലേക്കാവശ്യമായ മരുന്നുകളുടെ വാർഷിക ഇൻഡന്റ് തയ്യാറാക്കി സി.പി.സി നിശ്ചയിക്കുന്ന വില നിരക്കനുസരിച്ച് കമ്പനികളിൽ നിന്നും നേരിട്ട് ഡി.എം.ഒ മാർ വാങ്ങി ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ സംഭരിക്കുകയും ഓരോ ആശുപത്രികളുടെയും വാർഷിക ഇൻഡന്റ് അനുസരിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നു.

ഇതിനു പുറമെ ഏതെങ്കിലും മരുന്നിനു ദൗർലഭ്യം നേരിടുകയാണെങ്കിൽ ആയത് ലോക്കൽ പർച്ചേസ് വഴിയോ എമർജൻസി പർച്ചേസ് വഴിയോ വാങ്ങുന്നതിനുള്ള അധികാരം അതാത് ആശുപത്രി സൂപ്രണ്ടുമാർക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ ജനകീയാസൂത്രണ പദ്ധതിയിൻ കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് പ്രദേശത്തെ ആശുപത്രികൾക്കുവേണ്ടി അത്യാവശ്യം വേണ്ടിവരുന്ന മരുന്നുകൾ വാങ്ങി നൽകാറുണ്ട്.

(ബി) ഇല്ല.

(സി) ഇപ്പോൾ ആലോചനയിലില്ല

അനെർട്ടിന്റെ പദ്ധതികൾ

11 (*499)പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജം വ്യാപകമാക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് അനെർട്ട് നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയുടെ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വയംതൊഴിൽ സംരംഭകർക്ക് എന്തെങ്കിലും സാമ്പത്തിക സാങ്കേതിക സഹായങ്ങൾ അനെർട്ട് വഴി നൽകുന്നുണ്ടോ;

(ഡി) എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഗ്രാമീണ മേഖലയിൽ പാരമ്പര്യേതര ഊർജ്ജം വ്യാപകമാക്കുന്നതിന് എത്ര രൂപയുടെ വീതം സബ്സിഡികളാണ് ഓരോ ഇനങ്ങൾക്കും നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇതിൽതന്നെ പട്ടികജാതി/പട്ടിവർഗ്ഗ മൽസ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും മുൻഗണന ഉണ്ടോ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംയോജിത ഗ്രാമീണ ഊർജ്ജ പരിപാടി, സൗര വൈദ്യുതോർജ്ജ പദ്ധതി, സൗര താപോർജ്ജ പദ്ധതി, ജൈവോർജ്ജ പദ്ധതി, ഊർജ്ജസംരക്ഷണ പരിപാടി, മെച്ചപ്പെട്ട വിറകടുപ്പുകളുടെ സ്ഥാപനവും പരിപാലനവും, സൗരോർജ്ജ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനുള്ള പഠന ഗവേഷണ പ്രവർത്തനം, എനർജി പാർക്ക്, പവനോർജ്ജ പദ്ധതി എന്നിവയാണ് അനെർട്ട് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ.

(ബി) ഗ്രാമീണ ജനതയുടെ മുഖ്യ ഊർജ്ജാവശ്യങ്ങളായ പാചകം, വെളിച്ചം എന്നിവയ്ക്ക് സഹായകമായി മെച്ചപ്പെട്ട വിറകടുപ്പ് സ്ഥാപിക്കൽ സൂര്യ റാന്തൽ, സൗരോർജ്ജ ഗാർഹിക വിളക്ക്, സൗരോർജ്ജ വാട്ടർ ഹീറ്റർ, സി.എഫ് ലാമ്പ്, ടി.വി. പവർ പാക്ക്, സൗരോർജ്ജ പമ്പ്, കാറ്റാടി പമ്പ് എന്നിവയുടെ വിതരണം, വൈദ്യുതി എത്തിച്ചേരാത്ത സ്ഥലത്തെ ജനങ്ങളുടെ ആവശ്യത്തിനായി സൂര്യറാന്തൽ, ഗാർഹികവിളക്കുകൾ, സൗരോർജ്ജ തെരുവ് വിളക്കുകൾ, പൊതു ആവശ്യത്തിനായി ടി.വി. പവർ പാക്കുകൾ, സൗരോർജ്ജ പമ്പുകൾ എന്നിവ അനെർട്ട് വഴി വിതരണം ചെയ്യുന്നു. സംസ്ഥാനത്തെ 28 ഐ. ആർ.ഡി.പി ബ്ലോക്കുകൾ വഴിയാണ് ഈ പരിപാടികൾ നടപ്പിലാക്കി വരുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) അനെർട്ട് വഴി വിതരണം ചെയ്യുന്ന സാധനസാമഗ്രികളും അവയുടെ സബ്സിഡിയും താഴെ കൊടുക്കുന്നു.

	ആകെ വില	സബ്സിഡി
ഗാർഹിക വിറകടുപ്പ്	290	100
സൗരോർജ്ജ ഗാർഹിക വിളക്ക്	13000	7000
സൗരോർജ്ജ പാനലുകൾ		
35 വാട്ട്	7065	2940
70 വാട്ട്	13770	5800
90 വാട്ട്	17415	8400
സൗരോർജ്ജ റാന്തലുകൾ	4000	2000
കോംപാക്ട് ഫ്ളൂറസന്റ് ലാംപ്	500	175

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly